മെസേഴ്സ് നവഗ്രഹ എന്റർ പ്രൈസസ്, റ്റി.സി.15/1648 മിൽജിൽ റോഡ്. തിരുവനന്തപുരം ശ്രീ. കെ.എസ്. നന്ദകുമാർ റ്റി.സി.25/2917 വഞ്ചിയൂർ എന്നിവരാണ്.

(ഡി) അനുബന്ധമായി കൊടുക്കുന്നു.†

(ഇ) മെസേഴ്സ് നവഗ്രഹ എന്റർപ്രൈസസ് 95% എസ്റ്റിമേറ്റിനേക്കാൾ അധിക നിരക്കിലും, ശ്രീ. കെ.എസ്. നന്ദകുമാർ 101% അധിക നിരക്കിലുമാണ് വർക്കുകൾ ഏറ്റെടുത്തത്.

(എഫ്) അത്തരം പ്രത്യേക പഠനത്തിന്റെ ആവശ്യമുണ്ടായിട്ടില്ല.

(ജി) ഹൗസിംഗ് ബോർഡിലെ ഫയൽ നമ്പർ

1. ഡി1/321/95/എച്ച്.ബി. (കോൺട്രാക്ട് 1)
2. ഡി1/321/95/എച്ച്.ബി. (കോൺട്രാക്ട 2)
3. ഡി1/13723/95/149 ഗവൺമെന്റ് ഓർഡർ ജി.ഒ. (എം.എസ്) 48/97/ഹൗസിംഗ് 7.10.1997.

142 (1360) സ്കൂളുകളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും അറ്റുകുറ്റപ്പണികൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സ്കൂളുകളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കായി 1998-99 വർഷത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അനുവദിക്കപ്പെട്ട തുക ബന്ധപ്പെട്ടവർക്ക് കൈമാറിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 27.20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

143 (1361) കാസർഗോഡ് ജില്ലയിലെ മരാമത്തു പണി കരാറുകാർക്ക് കൊടുക്കാനുള്ള തുക

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ റോഡ്, പാലം, കെട്ടിടം എന്നിവ നിർമ്മിച്ച വകയിൽ എന്തു തുക കുടിശ്ശികയായി കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ നിർമ്മാണ പ്രവൃത്തിക്കും എന്തു തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കുടിശ്ശിക എന്നു കൊടുത്തു തീർക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത ജില്ലയിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുള്ള എത്ര പ്രവൃത്തികൾ പണി തുടങ്ങുവാൻ ബാക്കിയുണ്ടെന്നും എന്നാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയതെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ഡിവിഷന്റെ കീഴിൽ നാഷണൽ ഹൈവേയിൽ 209 ലക്ഷം രൂപയും, റോഡുകളും പാലങ്ങളും വിഭാഗത്തിൽ 2009.92 ലക്ഷം രൂപയും, കെട്ടിടങ്ങൾ നിർമ്മിച്ച വകയിൽ ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്സ് വിഭാഗത്തിൽ 170 ലക്ഷം രൂപയും കുടിശ്ശികയായി കരാറുകാർക്ക് കൊടുത്തുത്തീർക്കാനുണ്ട്.

(ബി) ഓരോ നിർമ്മാണ പ്രവൃത്തിക്കുമുള്ള കുടിശ്ശിക തുകയുടെ വിവരം താഴെ കൊടുക്കുന്നു.

1. പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) വിഭാഗം

3054-80-800-96	ഒ.ഡി.ആർ-	19.21 ലക്ഷം രൂപ
3054-80-800-97	എസ്.ആർ-	497.35 ലക്ഷം രൂപ
3054-80-800-88	Renual	468.88 ലക്ഷം രൂപ
3054-80-800-99	ഒ.ആർ	33.71 ലക്ഷം രൂപ
3054-80-800-95	Traffic sign board	5.9 ലക്ഷം രൂപ
	ആകെ	1025.05 ലക്ഷം രൂപ
5054-03-337-98	എസ്.എച്ച് (D&I)	36.61 ലക്ഷം രൂപ
5054-04-800-97	MDR(D&I)	2.46 ലക്ഷം രൂപ
5054-04-800-94	ഒ.ഡി.ആർ (D&C)	0.38 ലക്ഷം രൂപ
5054-04-800-91	വി.ആർ (D&I)	899.09 ലക്ഷം രൂപ
5054-04-800-90	വി.ആർ (D&I)	23.17 ലക്ഷം രൂപ
5054-04-800-95	Town and other Municipality roads	20.16 ലക്ഷം രൂപ
	ആകെ	981.87 ലക്ഷം രൂപ

2. പൊതുമരാമത്ത് (നാഷണൽ ഹൈവേ) വിഭാഗം

സിറ്റി ഇംപ്രൂവ്മെന്റ്	35 ലക്ഷം (സ്റ്റേറ്റ് പ്ലാൻ)
ഒറിജിനൽ വർക്ക്	22 ലക്ഷം (കേന്ദ്ര പദ്ധതി)
ഉപരിതലം പുതുക്കൽ	152 ലക്ഷം (പദ്ധതിയേതര കേന്ദ്ര ഫണ്ട്)
	209 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

3. പൊതുമരാമത്ത് കെട്ടിട വിഭാഗം

ആശുപത്രികൾ	100 ലക്ഷം രൂപ
കോർട്ട് കോംപ്ലക്സ്	20 ലക്ഷം രൂപ
ഡയറ്റ് (DIET)	20 ലക്ഷം രൂപ
മറ്റു കെട്ടിടങ്ങൾ	30 ലക്ഷം രൂപ
	170 ലക്ഷം രൂപ

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(ഡി) പൊതുമരാമത്ത് (റോഡുകളും പാലങ്ങളും വിഭാഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

1.	ചെറുവത്തൂർ തൃക്കരിപ്പൂർ റെയിൽവേ മേൽപ്പാലം നിർമ്മാണം.	സ.ഉ.(സാ)നം. 1186/98/പൊ.മ.വ. തീയതി. 15.12.98.
2.	ഉദുമ നിയോജകമണ്ഡലത്തിൽ കൊട്ടോടി റോഡും പാലവും	സ.ഉ.(സാ) നം.1486/97/20.12.97 പൊ.മ.വ
3.	വാവടുക്കം പുഴയ്ക്ക് വാവടുക്കം പാലം	സ.ഉ.സാ. നം.1486/97/ 20.12.97 പൊ.മ.വ
4.	ചാലിങ്കൽ അമ്പലത്തറ റോഡിൽ മിങ്ങോട്ടുപാലം	സ.ഉ.(സാ) നം. 1486/97 20.12.97 പൊ.മ.വ
5.	കാസർഗോഡ് ജില്ലയിൽ ചുള്ളിക്കര കുറ്റിക്കോൽ റോഡിൽ പാലം	സ.ഉ.(സാ) 31.1.96 നം. 182/96/ പൊ.മ.വ
6.	കാര്യകോട് പുഴയ്ക്ക് കുറുകെ അരയക്കടവ് പാലം	സ.ഉ.(സാ) 19.2.97 നം. 212/97/ പൊ.മ.വ (ഭരണാനുമതി) നം.633/97 പൊ.മ.വ 22.5.97 (പ്രത്യേകാനുമതി)
7.	ചന്ദ്രഗിരിപ്പുഴയ്ക്ക് കുറുകെ പെരിംപട്ടക്കടവ് പാലം	സ.ഉ.(സാ) നം. 600/96/ പൊ.മ.വ. 18.3.96

പൊതുമരാമത്ത് (എൻ.എച്ച്) വിഭാഗത്തിൽ

എൻ.എച്ച് 17-ൽ കി.മി. 871600 ലും 93/600 ലും ഉള്ള ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്ക് 16.11.98-ൽ കേരള ഉപരിതല ഗതാഗത വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1.	വെങ്കുളം പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം	സ.ഉ.(സാ) നം.520/98/എസ്.സി/എസ്.ടി തീയതി 23.11.98 (ഭരണാനുമതി)
2.	ബ്ളാംകോട് പ്രീ മെട്രിക് ഹോസ്റ്റൽ	സ.ഉ.(സാ)നം. 392/98/എസ്.സി/എസ്.ടി. 11.8.98
3.	തൃക്കരിപ്പൂർ ഫയർ സ്റ്റേഷൻ	സ.ഉ.(എം.എസ്)111/98/ഹോം തീയതി 20.5.98
4.	കഴൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണം	സ.ഉ.(സാ) 4037/98/എൽ.ഡി.ആർ. തീയതി. 18.12.98
5.	എളരിത്തട്ട് കോളേജ് സ്റ്റാഫ് ക്വാട്ടേഴ്സ്	സ.ഉ.(സാ) 263യ/96/ഹയർഎഡ്യൂക്കേഷൻ തീയതി. 26.10.96
6.	ഗവ. കോളേജ്. പി.ജി. ബ്ലോക്ക് ആന്റ് ആഡിറ്റോറിയം	സ.ഉ.(സാ)നം.197/95/ഹയർ എഡ്യൂക്കേഷൻ 7.2.95 (ഭരണാനുമതി)നം.884/95/എച്ച്.എഡ്യൂക്കേഷൻ (പ്രത്യേകാനുമതി) തീയതി. 7.7.95.
7.	ഹോസ്ദുർഗ്ഗ് ജൂഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം	സ.ഉ.(സാ)നം.192/97/ഫോം തീയതി 14.1.97

(ഇ) ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുന്നതനുസരിച്ച് പണി തുടങ്ങുന്നതാണ്.

144 (1362) ഇരുമ്പകച്ചോല വർമ്മംകോഡ് റോഡിന്റെ പണി

<u>ശ്രീ. ജോസ് ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഇരുമ്പകച്ചോല വർമ്മംകോഡ് റോഡിന്റെ പണി ആരംഭിച്ചുവോ; ഇല്ലെങ്കിൽ ഇത് എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിച്ച് കഴിയുന്നതുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റോഡ് പി.ഡബ്ല്യു. ഡിപ്പാർട്ടുമെന്റിന്റെ അധീനതയിൽ വരുന്നതല്ല. കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് നിർമ്മിച്ചതാണ് ഈ റോഡ്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly